പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1062 — 11.02.2016 ൽ മറുപടിക്ക്

## വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.: സി. മമ്മൂട്ടി: | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക എത്ര വീതമാണെന്നും ലഭ്യമാക്കുമോ? | (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വിവിധ പദ്ധതികളിൽ തിരൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, തിരൂർ മണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ ടോയ്‌ലറ്റുകളുടെ നിർമ്മാണത്തിനായി 2012-13 ൽ 10 ലക്ഷം രൂപയും, യൂറിനൽ, കുടിവെള്ള സൗകര്യം എന്നിവ-യ്ക്കായി 5.8 ലക്ഷം രൂപയും, ലബോറട്ടറി ഉപകരണങ്ങളുടെ വിതരണത്തിനായി 2014-15 ൽ 6 ലക്ഷം രൂപയും ഹയർ സെക്കന്ററി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ചെട്ടിയാംകിണർ സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി 100 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് അനുവദിച്ചിട്ടുണ്ട്. സ്കൂൾ ഗ്രാന്റ്, സയൻസ് കിറ്റ്, സ്പോർട്ട്സ് കിറ്റ്, കലോത്സവം, മൈനർ മെയിന്റനൻസ് തുടങ്ങിയവയ്ക്കായി 19.95 ലക്ഷം രൂപ |

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ മുഖേന തിരൂർ മണ്ഡലത്തിലെ സ്കൂളുകളിൽ ചെലവാക്കിയിട്ടുണ്ട്. സർവ്വശിക്ഷാ അഭിയാൻ പദ്ധതി മുഖേന സൗജന്യ യൂണിഫോം വിതരണം,. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം, സ്കൂൾ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ്, ലബോറട്ടറി ഗ്രാന്റ് എന്നിവയുൾപ്പെടെയുള്ള വിവിധ ഘടകങ്ങൾക്കായി 389.24 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. സാക്ഷരതാ മിഷൻ സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന അക്ഷരലക്ഷം (രണ്ടാംഘട്ടം), അതുല്യം (രണ്ടാംഘട്ടം) എന്നീ പദ്ധതികളിൽ തിരൂർ മണ്ഡലവും ഉൾപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

Sheela H

സെക്ഷൻ ഓഫീസർ